# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ജപ്പാൻ കുടിവെള്ള പദ്ധതി

2113 ശ്രീ. സി.കെ. നാണു
'' മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കേരളത്തിൽ എന്നാണ് ആരംഭിച്ചത് ;

(ബി) എത്ര ജില്ലകളെയാണ് ഈ പദ്ധതിയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ചാത്തനൂർ നിയോജക മണ്ഡലത്തിലെ പ്രാവർത്തികമാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി

2114 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പ്രാവർത്തികമാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ട്രാൻസ്മിഷൻ ലൈൻ എത്ര ദൂരം സ്ഥാപിക്കുന്നതിലേക്കാണ് നിശ്ചയിച്ചിരുന്നത് ; ശേഷിക്കുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിൽ എത്ര ദൂരം ഇനി പദ്ധതി പണിപൂർത്തീകരിക്കുവാൻ ഉണ്ടെന്നും അറിയിക്കുമോ ;

(ബി) ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കുന്നതിലേക്ക് പരവൂർ നഗരസഭയിൽ തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ അവ പരിഹരിച്ച് എന്നത്തേക്ക് പണി പൂർത്തീകരിക്കുവാൻ കഴിയും ;

(സി) ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കുവാൻ കരാർഏറ്റെടുത്ത കമ്പനി ഇപ്പോൾ എന്തൊക്കെ ജോലികളാണ് നിർവ്വഹിക്കുന്നത് ; ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് യാതൊരു പ്രർത്തനങ്ങളും നടക്കുന്നില്ലായെന്ന വിവരം ബോദ്ധ്യമുണ്ടോ ;

(ഡി) നെടുങ്ങോലം എം.എൽ.എ ജംഗ്ഷൻ പൂതക്കുളം റോഡിൽ ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രവർത്തനം ശേഷിക്കുന്നുവോ ;

(ഇ) എങ്കിൽ റോഡിന്റെ വീതി വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>മീനാട് കുടിവെള്ള പദ്ധതി</u>

2115 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി മീനാട് കുടിവെള്ള പദ്ധതിയിൽ ഇപ്പോൾ എന്തെല്ലാം പ്രവർത്തികളാണ് നടന്നു വരുന്നത്;

(ബി) പ്രസ്തുത പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാൻ ഇനി എന്തെല്ലാം പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്;

(സി) പ്രസ്തുത പ്രവർത്തികൾ എന്ന് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>അടൂർ മണ്ഡലത്തിലെ ശുദ്ധജല പദ്ധതികൾ</u>

2116 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ ശുദ്ധജലവിതരണം നടത്തുന്നതിലേയ്ക്കായി കേരള വാട്ടർ അതോറിറ്റി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ ബന്ധപ്പെട്ട പട്ടികജാതി കോളനികളുടെ പേര് ഉൾപ്പെടെ വിശദാംശം അറിയിക്കുമോ;

(സി) 2011-12 ൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ആലോചിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് കോർപ്പറേഷനിലെ കുടിവെള്ള വിതരണം</u>

2117 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷനിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണം ക്രമീകരിക്കുന്നതിന് ഏതെല്ലാം സ്ഥലങ്ങളിൽ വാൽവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വാൽവുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് നിശ്ചയിക്കപ്പെട്ട എത്ര ഓപ്പറേറ്റർ തസ്തികകൾ ഉണ്ടെന്നും എത്ര ജീവനക്കാർ ഉണ്ടെന്നും വിശദമാക്കുമോ;

(സി) ഈ വാൽവുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഓപ്പറേറ്റർ തസ്തികകൾ ഇല്ലെങ്കിൽ ആരാണ് നിലവിൽ വാൽവുകൾ ഓപ്പറേറ്റ് ചെയ്യുന്നതെന്നും, ഇവർക്ക് ഓപ്പറേറ്റ് ചെയ്യുന്നതിന് അനുമതി നൽകിയ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

പടിയൂർ, കാട്ടൂർ, പൂമംഗലം പഞ്ചായത്തുകളിലെ
കുടിവെള്ളക്ഷാമം

2118 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പടിയൂർ, കാട്ടൂർ, പൂമംഗലം പഞ്ചായത്തുകളിലെ ജനങ്ങളുടെ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനുള്ള പടിയൂർ സമഗ്രകുടിവെള്ളപദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ:

(സി) ഇനിയും എന്തെല്ലാം നടപടിക്രമങ്ങളും ജോലികളുമാണ് ഈ പദ്ധതിയുടേതായി ബാക്കി ഉളളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ കുടിവെള്ള ക്ഷാമം</u>

2119 ശ്രീ. ടി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി പ്രത്യേക പദ്ധതി തയ്യാറാക്കി അടിയന്തിരമായി നടപ്പിലാക്കുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>കുട്ടമംഗലം വില്ലാഞ്ചിറ കുടിവെള്ള പദ്ധതി</u>

2120 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമംഗലം വില്ലാഞ്ചിറ കുടിവെള്ള പദ്ധതിയുടെ പണികൾ ഏത് ഘട്ടം വരെയായി ;

(ബി) ഒറിജിനൽ പ്രോജക്ടിൽ പല്ലാരിമംഗലം പഞ്ചായത്ത് ഉൾപ്പെടുത്തിയിരുന്നത് ഫണ്ടിന്റെ അപര്യാപ്തത മൂലം ഒഴിവാക്കപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ പഞ്ചായത്ത് കൂടി ഉൾപ്പെടുത്തി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ചിതറ കുടിവെള്ള പദ്ധതി</u>

2121 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ ചിതറ കുടിവെള്ള പദ്ധതിയുടെ പമ്പുകളും പൈപ്പുകളും കാലപ്പഴക്കം മൂലം ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ പമ്പുകളും പൈപ്പുകളും അടിയന്തിരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>അമലാപുരം തട്ടുപാറ കുടിവെള്ള പദ്ധതി</u>

2122 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യംമ്പുഴ ഗ്രാമ പഞ്ചായത്തിലെ അമലാപുരം തട്ടുപാറ കുടിവെള്ള പദ്ധതികളുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതിയ്ക്കായി ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>വെരളശ്ശേരി ശുദ്ധജല പദ്ധതി</u>

2123 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെരളശ്ശേരി ശുദ്ധജല പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>അടൂർ നിയോജക മണ്ഡലത്തിലെ വാട്ടർ സപ്ലൈ സ്കീമുകൾ</u>

2124 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലെ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമുകൾ ഏതൊക്കെയാണ് ;

(ബി) പ്രസ്തുത സ്കീമുകളിൽ പ്രവർത്തനരഹിതമായ പദ്ധതികൾ ഏതെങ്കിലും ഉണ്ടോ ; വിശദാംശം അറിയിക്കുമോ ;

(സി) എങ്കിൽ പദ്ധതികൾ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ചീക്കോട് കുടിവെള്ള പദ്ധതി

2125 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചീക്കോട് കുടിവെള്ള പദ്ധതിയിൽപ്പെട്ട ഫറോക്ക് കരുവൻതുരുത്തിയിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണ് ;

(ബി) ചീക്കോട് പദ്ധതിയുടെ പ്രധാനപൈപ്പ് ലൈൻ പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരെ ഏൽപ്പിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാനാവും എന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കോതമംഗലം നിയോജക മണ്ഡലത്തിലെ ശുദ്ധജല പദ്ധതി</u>

2126

ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജക മണ്ഡലത്തിലെ മടവൂർ, നെല്ലിക്കുഴി-അരമനൂർ ശുദ്ധജല പദ്ധതിക്ക് കോടതിയുടെ സ്റ്റേ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്റ്റേ മനീക്കിക്കിട്ടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ ഏതെല്ലാം പഞ്ചായത്തുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>നൂറ്ദിന പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച ശുദ്ധജല പദ്ധതികൾ</u>

2127 ശ്രീ. ബെന്നി ബെഹനാൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറ്ദിന പരിപാടിയിൽ ഉൾപ്പെടുത്തി ജലഅതോറിറ്റി എത്ര ശുദ്ധ ജല പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട് ;

(ബി) ഏതൊക്കെ ജില്ലയിലാണ് പദ്ധതികൾ പൂർത്തിയാക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) ഇനി എത്ര പദ്ധതികൾ പൂർത്തിയാക്കാനുണ്ട് ;

(ഡി) പൂർത്തിയാക്കാനുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സത്വര നടപടികൾ കൈക്കൊള്ളുമോ ;

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>ചേലക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>

2128 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നിർമ്മാണം നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇവയിൽ ഓരോ പദ്ധതിയും എപ്പോഴാണ് ആരംഭിച്ചതെന്നും എത്ര കാലം കൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നതെന്നും അവയ്ക്ക് ഇതേവരെ ചെലവഴിച്ചിട്ടുള്ള തുക എത്രയാണെന്നും പറയാമോ;

(സി) നിർമ്മാണം നടന്നു വരുന്ന പദ്ധതികൾ എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയും;

(ഡി) മണ്ഡലത്തിൽ വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ള എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, എസ്.റ്റി.പി. ഫണ്ട്, റ്റി.എസ്.പി. ഫണ്ട്, ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് എന്നിവ വിനിയോഗിച്ചുള്ള പദ്ധതികളുടെ ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) മണ്ഡലത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന വാട്ടർ അതോറിറ്റിയുടെ ചുമതലയിലുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ഉപഭോക്താക്കളുടെ വർദ്ധനവും പദ്ധതികളുടെ കാലപ്പഴക്കവും പരിഗണിച്ച് അവ പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>മീനാട് കുടിവെള്ള പദ്ധതി</u>

2129 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ മീനാട് കുടിവെള്ള പദ്ധതിയുടെ ഇതുവരെയുള്ള പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>മീനച്ചിൽ പദ്ധതി</u>

2130 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മീനച്ചിൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശകൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>ശുദ്ധജലവിതരണ പദ്ധതികൾ</u>

2131 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ശുദ്ധജലവിതരണപദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇവയിൽ ഉടൻ ഉദ്ഘാടനം ചെയ്യാനുദ്ദേശിക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ എത്ര പദ്ധതികൾ ഈ വർഷം കമ്മീഷൻ ചെയ്യാനാവുമെന്നാണ് കരുതുന്നത്; അവ ഏതെല്ലാമെന്നറിയിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ വ്യാപനം

2132 ശ്രീ. വി. ചെന്താമരാക്ഷൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കെ. ജയചന്ദ്രൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ വ്യാപനം ഏറ്റവും കുറഞ്ഞ പ്രദേശങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇതേവരെ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ലാത്തതും കുടിവെള്ളക്ഷാമം നേരിടുന്നതുമായ പ്രദേശങ്ങളെ ശുദ്ധജലവിതരണ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) കുടിവെള്ള വിതരണത്തിൽ ഏറ്റവും കുറഞ്ഞ വ്യാപനമുള്ള ജില്ല ഏതാണ് ; ഏറ്റവും കൂടിയ വ്യാപനമുള്ള ജില്ല ഏതാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>സാർക്ക് കുടിവെള്ള പദ്ധതി</u>

2133

ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുവള്ളൂർ, തേഞ്ഞിപ്പലം, ചേലേമ്പ്ര, മുന്നിയൂർ വില്ലേജുകൾക്കായി പ്രയോജനപ്പെടുത്തുവാൻ തയ്യാറാക്കിയ സാർക്ക് കുടിവെള്ള പദ്ധതി കേടുപാടുകൾ തീർത്ത് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യേണ്ടുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭീമമായ തുക മുടക്കി സ്ഥാപിച്ച വാട്ടർ ടാങ്കുകളും പൈപ്പ് ലൈനുകളും വെറുതെ കിടന്ന് നശിച്ചുപോകുന്നതായി അറിയാമോ;

(സി) നാലു വില്ലേജുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സഹായകരമായ ഈ പദ്ധതി ഉടനെ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

ഇന്റഗ്രേറ്റഡ് വാട്ടർ ആന്റ് സാനിറ്റേഷൻ പ്രോജക്ട് ഫോർ കുട്ടനാട്

2134

ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കുടിവെള്ള ശുചിത്വ മേഖലയിൽ സമ്പൂർണ്ണ വികസനത്തിനുതകുന്ന "ഇന്റഗ്രേറ്റഡ് വാട്ടർ ആന്റ് സാനിറ്റേഷൻ പ്രോജക്ട് ഫോർ കുട്ടനാട്" നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കേന്ദ്ര സഹായത്തിനു വേണ്ടി സമർപ്പിക്കുന്നതിനു വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) പദ്ധതിയുടെ നിലവിലുള്ള അവസ്ഥ ബന്ധപ്പെട്ട ഫയൽ നമ്പർ സഹിതം വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

മരുതംകുഴി പാലത്തിലെ വാട്ടർ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കൽ

2135 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ മരുതൻകുഴി പാലം നിർമ്മാണം പൂർത്തിയാക്കുന്നതിനായി ജലവിതരണ പൈപ്പുലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പണി ഇപ്പോൾ ഏത് അവസ്ഥയിലാണ്;

(ബി) പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തുക കെട്ടിവച്ചത് എന്നാണ് ; ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് കാലതാമസം നേരിട്ടിട്ടുണ്ടോ ;

(സി) പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിൽ കാലതാമസമുണ്ടായതു മൂലം ചെലവിനത്തിൽ വർദ്ധനവുണ്ടായി സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ടോ ;

(ഡി) മരുതംകുഴി പാലത്തിലെ വാട്ടർ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പണി എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കുട്ടനാട് വാട്ടർസപ്ലൈ സ്കീം (രണ്ടാംഘട്ടം)</u>

2136 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് വാട്ടർ സപ്ലൈ സ്കീം രണ്ടാംഘട്ടം നീരേറ്റുപുറത്ത് നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സ്കീം എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് വിശദമാക്കുമോ ;

(സി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പ്ലാന്റ് നിർമ്മാണത്തിന് ബാക്കി തുക അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>വിവിധ ശുദ്ധജല വിതരണ പദ്ധതികളിലെ കാലപ്പഴക്കം ചെന്ന പമ്പ് സെറ്റുകൾ മാറ്റുന്ന പദ്ധതി</u>

2137 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ശുദ്ധജല വിതരണ പദ്ധതികളിലെ കാലപ്പഴക്കം ചെന്നതും തുടർച്ചയായി തകരാറുകൾ നേരിടുന്നതുമായ പമ്പ് സെറ്റുകൾ മാറ്റുന്നതിനുള്ള ആർ. ഐ. ഡി. എഫ് പദ്ധതിക്ക് എന്നാണ് അംഗീകാരം ലഭിച്ചത് ; പദ്ധതിയിലെ പമ്പ് സെറ്റുകൾ നാളിതുവരെ മാറ്റിവെയ്ക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) എത്ര പമ്പ് സെറ്റുകളാണ് മാറ്റുന്നതിലേയ്ക്കയി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; ഇതിൽ റാന്നി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതൊക്കെ പദ്ധതികളിലെ പമ്പു സെറ്റുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) എത്ര കോടി രൂപയാണ് പദ്ധതിക്കായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത് ; ഈ പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോ ; അടുത്ത വരൾച്ചാക്കാലത്തിന് മുമ്പ് പമ്പ് സെറ്റുകൾ മാറ്റി വെയ്ക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര കരിച്ചൽ പമ്പ് ഹൗസ് കാര്യക്ഷമമാക്കുന്നതിന് പദ്ധതി</u>

2138 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ നെയ്യാറ്റിൻകര ഡിവിഷനിൽപ്പെട്ട കരിച്ചൽ പമ്പ് ഹൗസിന്റെ പ്രവർത്തനത്തിന് വാട്ടർ അതോറിറ്റി മുൻകൈയെടുത്ത് ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ട്രാൻസ്ഫോർമർ സ്ഥാപിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ട്രാൻസ്ഫോർമറിന്റെ പ്രവർത്തനം ഇതിനകം ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ട്രാൻസ്ഫോർമർ പ്രവർത്തിപ്പിക്കുന്നതിനും അതുവഴി കരിച്ചൽ പമ്പ് ഹൗസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും എന്ത് നടപടിയാണ് കൈക്കൊളളാൻ ഉദ്ദേശിക്കുന്നത്; ആയത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരം നഗരത്തിലെ ജലസേചന പദ്ധതികൾ</u>

2139 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുളങ്ങൾ, ഓടകൾ, തോടുകൾ, ഡ്രൈനേജ്, കുടിവെള്ള പദ്ധതികൾ എന്നിവയുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവ മുഖാന്തിരം 2005 വർഷം മുതൽ തിരുവനന്തപുരം നഗരപ്രദേശത്ത് പ്രതിവർഷം ചെലവാക്കിയ തുക ഇനം തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>കുടിവെള്ള വ്യാപാരം</u>

2140 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ജി. സുധാകരൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വ്യാപാരം വർദ്ധിച്ചുവരുന്നതായി സർക്കാരിനറിയാമോ ; ഇപ്പോൾ കുടിവെള്ള പാക്കേജിംഗ് നടത്തുന്ന സ്വകാര്യ സംരംഭങ്ങൾ എത്രയാണെന്നും ഒരു ലിറ്റർ വെള്ളം വില്ക്കുന്ന എം.ആർ.പി. നിരക്ക് ശരാശരി എത്രയാണെന്നും വിശദമാക്കാമോ ;

(ബി) കുടിവെള്ളം പായ്ക്ക് ചെയ്ത് വിപണനം ചെയ്യുന്നവർക്ക് സ്വന്തമായി നിരക്ക് നിർണ്ണയിക്കാൻ ഇപ്പോൾ അവകാശമുണ്ടോ; ഇത് ശുദ്ധജലം പണമുള്ളവർക്കും മലിനജലം പാവപ്പെട്ടവർക്കും എന്ന സാഹചര്യത്തിലേക്കെത്തിക്കുമെന്ന് കരുതുന്നുണ്ടോ ;

(സി) വൈദ്യുതി എന്ന പോലെ കുടിവെള്ളത്തിന്റെ വിപണനം പൊതുമേഖലയിൽ മാത്രമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; മുൻസർക്കാർ ആരംഭിച്ച വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയിൽ എന്ത് നിരക്കിലാണ് വെള്ളം വില്ക്കുന്നത്?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

അങ്കമാലി നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

2141 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യംമ്പുഴ, മലയാറ്റൂർ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 05.06.2010 ൽ കൂടിയ എസ്.എൽ.എസ്.എസ്.സി. യിൽ കവറേജ് ഓഫ് ഹാബിറ്റേഷൻസിൽപെടുത്തി 54.65 ലക്ഷം രൂപ അനുവദിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിലെ കാലതാമസം വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ജലവിഭവ വകുപ്പിലും ഫിനാൻസ് വകുപ്പിലുമുള്ള ഫയലുകളിൽ ഭരണാനുമതി നൽകുന്നതിനായി എന്തെല്ലാം വിശദാംശങ്ങളാണ് ലഭിക്കേണ്ടിയിരുന്നത്; ഇത് ലഭ്യമായിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട ഫയൽ നമ്പറുകൾ വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്ക് ഭരണാനുമതി ഉടൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാകുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>വട്ടിയൂർക്കാവിലെ വിവിധ വാട്ടർ പൈപ്പ് ലൈനുകളുടെ ഇന്റർ കണക്ഷൻ</u>

2142 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ജിക്ക, ജെ. എൻ.എൻ.ആർ.യു.എം. വാട്ടർ അതോറിറ്റി എന്നിവ സ്ഥാപിച്ചിട്ടുള്ള വിവിധ പൈപ്പ് ലൈനുകൾ ഇന്റർ കണക്ഷൻ നടത്തി ജലവിതരണം സുഗമമാക്കുന്ന പണിയുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഈ പ്രവൃത്തി എന്ന് പൂർത്തിയാക്കാനാവുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>നദീതീരങ്ങളുടെ സംരക്ഷണം</u>

2143 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് വെള്ളം കുത്തിയൊലിക്കുന്നതുമൂലവും ക്രമാതീതമായ മണൽ വാരൽമൂലവും പുഴകളുടെ തീരങ്ങൾ ഇടിഞ്ഞ് ജനങ്ങളുടെ കൃഷിഭൂമിയും വസ്തുവകകളും നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനും നദികളുടെ തീരം സംരക്ഷിക്കുന്നതിനും എന്തെങ്കിലും പ്രത്യേക പദ്ധതി ഉണ്ടോ;

(സി) നിലവിൽ എത്രകോടി രൂപയുടെ ബഡ്ജറ്റ് വിഹിതമാണ് ഈ വർഷം ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>നദികളിലേയ്ക്ക് മാലിന്യ നിക്ഷേപം</u>

2144 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നദികളിലേക്ക് ഓടകളിലൂടെ മാലിന്യം തള്ളുന്നതിന്റെ ഫലമായി നദീജലത്തിലെ മാലിന്യത്തോത് വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നദികളിലേയ്ക്ക് മാലിന്യം ഒഴുക്കുന്നത് തടയാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നദികളിലെ ജലത്തിന്റെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ പഠനം നടത്തി ഗ്രേഡിംഗ് നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഗ്രേഡിംഗിലൂടെ ജലഗുണനിലവാരം മെച്ചപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുളള തെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>ഗുരുവായൂർ അഴുക്കുചാൽ പദ്ധതി</u>

2145 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ അഴുക്കുചാൽ പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ചീഫ് സെക്രട്ടറി നൽകിയ ഉറപ്പു പാലിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ;

(സി) അഴുക്കുചാൽ പദ്ധതിയുടെ രണ്ടാം ഘട്ടം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കേരള ജല അതോറിറ്റിയുടെ വിദേശ സഹായ പദ്ധതികൾ</u>

2146 ശ്രീ. എസ്. ശർമ്മ
,, രാജു എബ്രഹാം
,, വി. ശിവൻകുട്ടി
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റി വഴി നടപ്പിലാക്കിവരുന്ന വിദേശ സഹായ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഏറ്റവും ഒടുവിൽ വകുപ്പ് മന്ത്രി നടത്തിയ പുരോഗതി വിലയിരുത്തൽ യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കുമോ;

(സി) പദ്ധതികൾ ഓരോന്നിന്റെയും ലക്ഷ്യവും നേട്ടവും ലക്ഷ്യം പൂർത്തീകരിക്കുന്നതിന് തീരുമാനിക്കപ്പെട്ട തീയതിയും വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>ജലവിതരണ പദ്ധതികള്‍</u>

2147 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. സാജു പോള്‍
'' കെ.കെ. നാരായണന്‍
'' കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്രസഹായത്തോടെ കേരള ജല അതോറിറ്റി നടത്തി വരുന്ന ജലവിതരണ പദ്ധതികളുടെ നിര്‍മ്മാണ പുരോഗതി വിലയിരുത്താറുണ്ടോ ;

(ബി) എങ്കില്‍ ഏറ്റവും ഒടുവില്‍ അവലോകനം നടത്തിയ യോഗത്തിന്റെ മിനിട്സിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ ;

(സി) പുതുതായി കേന്ദ്രസഹായം ആവശ്യപ്പെട്ടുകൊണ്ട് സമര്‍പ്പിച്ച പദ്ധതികള്‍ ഏതൊക്കെ ; ഇതില്‍ അനുമതി ലഭിച്ചവ ഏതൊക്കെയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ജലനിധി പദ്ധതി നടപ്പാക്കി വരുന്ന ജില്ലകൾ

2148 ശ്രീ. പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ ജലനിധി പദ്ധതി നടപ്പാക്കി വരുന്നുവെന്ന് അറിയിക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം ഏതെല്ലാം ജില്ലകളെ പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തു; വിശദാംശങ്ങൾ നല്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ നിന്ന് അപേക്ഷ ലഭിച്ചു; ആയതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി കൈക്കൊണ്ടു; വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ഇടുക്കി നിയോജക മണ്ഡലത്തിലെ
ജലനിധി പദ്ധതി

2149 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം ജലനിധി പദ്ധതി ഇടുക്കി നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു;

(ബി) ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ എത്രത്തോളമായി എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങൾ</u>

2150 ശ്രീ. സി. പി. മുഹമ്മദ്
'' തേറമ്പിൽ രാമകൃഷ്ണൻ
'' കെ. അച്ചുതൻ
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജലനിധി രണ്ടാം ഘട്ടത്തിൽ ജലവിതരണം എന്ന് ആരംഭിക്കാൻ കഴിയും എന്നും എത്രനാൾക്കകം പദ്ധതി പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ജലനിധി പദ്ധതി

2151 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി പ്രവർത്തനങ്ങളുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് ആകെ വകയിരുത്തിയിട്ടുള്ളത് എന്ത് തുകയാണ് എന്നറിയിക്കുമോ ;

(ഡി) ജലനിധി പദ്ധതി പ്രകാരം എത്ര പഞ്ചായത്തുകളിലാണ് കുടിവെള്ള പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) എത്ര രൂപയുടെ പദ്ധതികൾ ഇതിനകം ഏറ്റെടുത്തു പൂർത്തീകരിച്ചു ;

(എഫ്) ശേഷിക്കുന്ന പദ്ധതികൾ എന്നത്തേക്ക് കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഇനി എത്ര കോടി രൂപയുടെ എതെല്ലാം പുതിയ പദ്ധതികളാണ് ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ;

(എച്ച്) ജലനിധി പദ്ധതികളിൽ ഇതിനകം പൂർത്തീകരിച്ചവയുടെ ഗുണനിലവാരം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

ജലനിധി പദ്ധതി

2152

ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേലക്കര മണ്ഡലത്തില്‍ ജലനിധി പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുനരുദ്ധാരണത്തിനുള്‍പ്പെടെയുള്ള അപേക്ഷകള്‍ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(ഡി) നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനുള്‍പ്പെടെ സ്വീകരിച്ച നടപടികള്‍ വെളിപ്പെടുത്തുമോ;

(ഇ) രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന മണ്ഡലത്തിലെ പഞ്ചായത്തുകളെ കൂടി ഈ വര്‍ഷം നടപ്പിലാക്കുന്ന ജലനിധി പദ്ധതിയില്‍ ഉള്‍പ്പെടുത്തുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

മോട്ടോർ സ്ഥാപിക്കുന്നതിന് നടപടി

2153 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കുറുമാലിപ്പുഴയുടെ തീരത്ത് കുണ്ടുകടവിൽ നിലവിലുള്ള 20 എച്ച്.പി. മോട്ടോർ ഇരിക്കുന്ന പമ്പ് ഹൗസ് മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറി, അവിടെ 50 എച്ച്.പി. മോട്ടോർ സ്ഥാപിക്കണം എന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, ഈ വിഷയത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത് എന്ന വിവരം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റിയിൽ നടപ്പാക്കിവരുന്ന സ്ഥാപനശാക്തീകരണ നടപടികൾ</u>

2154 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കിവരുന്ന സ്ഥാപനശാക്തീകരണ നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(ബി) സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള ബ്ലൂബ്രിഗേഡ്, ഹെൽപ്പ് ഡെസ്ക്ക് സംവിധാനങ്ങൾ സംസ്ഥാന വ്യാപകമായി നടപ്പാക്കാൻ നടപടി കൈക്കൊള്ളുമോ ;

(സി) വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുന്ന അസറ്റ്മാനേജ്മെന്റ്, എനർജി മാനേജ്മെന്റ് നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(ഡി) കേരള വാട്ടർ അതോറിറ്റിക്ക് എല്ലാ ഗ്രാമപഞ്ചായത്തുകളിലും സബ് സെക്ഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ജലവിഭവ വകുപ്പിന്റെ കുന്നത്തുനാട്ടിലെ പ്രവർത്തനങ്ങൾ

2155 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എന്തെങ്കിലും പണി പദ്ധതി വിഹിതത്തിന്റെ അപര്യാപ്തത മൂലം മുടങ്ങിപ്പോയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ</u>

2156 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങര അമ്പലക്കുളം, മണലായി-കിഴക്കേക്കുന്ന്കുളം, പൂലാനിക്കുളം എന്നിവയ്ക്ക് 13-ാം ധനകാര്യ കമ്മീഷൻ അവാർഡിനുകീഴിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പുനരുദ്ധാരണ പണികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ചാലക്കുടിപ്പുഴയിൽ അതിരപ്പിള്ളിയ്ക്കും തുമ്പൂർമൂഴിക്കും ഇടയിലായി ജലസംഭരണി നിർമ്മിച്ച് തുമ്പൂർമുഴി ഡൈവേർഷൻ സ്കീമിൽ നിന്നും ഇടതുകര, വലതുകര കനാലുകളിൽ ജലം ലഭ്യമാക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>മീനച്ചിൽ പദ്ധതി</u>

2157 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മീനച്ചിൽ പദ്ധതി എപ്രകാരമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പദ്ധതി കൊണ്ടുള്ള ഗുണം എന്തെല്ലാമാണ്; എത്ര കോടി രൂപയാണ് പദ്ധതിയുടെ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നത്; ഇതിലേയ്ക്ക് ആവശ്യമായ വെള്ളം എവിടെ നിന്നാണ് സംഭരിക്കുന്നത്;

(സി) ഇതിന്റെ ഫീസിബിലിറ്റി സ്റ്റഡി ഈ പദ്ധതിക്ക് അനുകൂലമല്ല എന്ന വിവരം അറിയാമോ;

(ഡി) മൂവാറ്റുപുഴ ആറിന്റെ സ്രോതസ്സിൽ നിന്നും എന്തെല്ലാം പദ്ധതിക്കൾക്കായി എത്രത്തോളം വെള്ളം വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) ചേർത്തല ജെ.ഐ.സി.എ. പ്രകാരമുള്ള പദ്ധതിക്ക് പ്രതിദിനം വേണ്ടിവരുന്ന വെള്ളം എത്രയാണ്;

(എഫ്) മീനച്ചിൽ പദ്ധതി നടപ്പിലായാൽ ചേർത്തല പദ്ധതിക്കുള്ള വെള്ളം മൂവാറ്റുപുഴ ആറിൽ ഉണ്ടാകില്ല എന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) മൂലമറ്റം പദ്ധതി ഉപയോഗത്തിനു ശേഷം മൂവാറ്റുപുഴ ആറിലേയ്ക്ക് ഒഴുകിയെത്തുന്ന വെള്ളം എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട പരിശോധന റിപ്പോർട്ടുകൾ അനുസരിച്ച് സ്വീകരിച്ച നടപടികൾ</u>

2158 ശ്രീ. സി. പി. മുഹമ്മദ്
,, പാലോട് രവി
,, എം. എ. വാഹീദ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വം പരിശോധിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ടു നടത്തിയ പരിശോധന റിപ്പോർട്ടുകൾ അനുസരിച്ച് ഏതെല്ലാം കാര്യങ്ങളിലാണ് നടപടി എടുത്തിട്ടുള്ളത് ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ ഉന്നതാധികാര സമിതിയുടെ നിർദ്ദേശങ്ങൾ</u>

2159 ശ്രീ. സി. ദിവാകരൻ
,, ഇ. കെ. വിജയൻ
,, കെ. അജിത്
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ പ്രശ്നം സംബന്ധിച്ച് സുപ്രീം കോടതി നിയമിച്ച ഉന്നതാധികാര സമിതി സംസ്ഥാനത്തിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പുതിയ അണക്കെട്ടിനുള്ള പദ്ധതി രേഖ തയ്യാറായിട്ടുണ്ടോ;

(സി) പുതിയ അണക്കെട്ട് പണിയുമ്പോൾ പഴയ അണക്കെട്ട് എന്തു ചെയ്യുമെന്ന് വ്യക്തമാക്കാൻ കേരളത്തിന് കഴിഞ്ഞിട്ടില്ല എന്ന ഉന്നതാധികാര സമിതിയുടെ ആക്ഷേപത്തിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>മലബാർ ജലസേചന പാക്കേജ്</u>

2160

ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, കെ. എം. ഷാജി
,, കെ. എൻ. എ. ഖാദർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ ജലസേചന പാക്കേജിന്റെ ഭാഗമായി ഏറ്റെടുത്തു നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) അവയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദ വിവരം നൽകാമോ;

(സി) ഇതേവരെ എന്തു തുക ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>പഴശ്ശി ജലസേചന പദ്ധതി</u>

2161

ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പഴശ്ശി ജലസേചന പദ്ധതിയുടെ പരിധിയിൽ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിനായി എത്ര ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നു എന്ന് അറിയിക്കുമോ;

(ബി) പദ്ധതി പ്രവർത്തനം നവീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

അണക്കെട്ടുകളിലെ മണൽ ശേഖരം

2162 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, വി.റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അണക്കെട്ടുകളിൽ നിന്ന് മണൽ വാരുന്നതിനെക്കുറിച്ചുള്ള നിലപാട് എന്താണെന്ന് വിശദീകരിക്കുമോ;

(ബി) ഇതിന്റെ സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഇതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) ഇതു സംബന്ധിച്ച റിപ്പോർട്ട് എന്ന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ബാണാസുരസാഗര്‍ ജലസേചന പദ്ധതിയുടെ പ്രവര്‍ത്തന പുരോഗതി

2163

ശ്രീ. എം. വി. ശ്രേയാംസ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബാണാസുരസാഗര്‍ ജലസേചന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പടിഞ്ഞാറത്തറ ബ്രാഞ്ച് കനാല്‍, വെണ്ണിയോട് ബ്രാഞ്ച് കനാല്‍ എന്നിവയുടെയും പ്രസ്തുത കനാലുകളുടെ ഡിസ്ട്രിബ്യൂട്ടറികളുടെയും പ്രവൃത്തികള്‍ പൂര്‍ത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നേയ്ക്ക് കമ്മീഷന്‍ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ അനുവദിക്കപ്പെട്ട തസ്തികകള്‍ എത്ര; നിലവിലുള്ള തസ്തിക എത്ര; ഒഴിഞ്ഞുകിടക്കുന്ന തസ്തികകള്‍ എത്ര എന്നിവ കാറ്റഗറി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>നരിയാണ്ടി സ്ലൂയിസ് കം ബ്രിഡ്ജ്</u>

2164 ശ്രീ.എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന അരൂർ മണ്ഡലത്തിലെ എഴുപുന്ന പഞ്ചായത്തിലെ നരിയാണ്ടി സ്ലൂയിസ് കം ബ്രിഡ്ജ് നിർമ്മാണത്തിന് എത്ര രൂപയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എത്രയാണ് എസ്റ്റിമേറ്റ് തുക ; ഇത് എന്നത്തേക്ക് ടെൻഡർ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) നിർമ്മാണം എന്നന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

മേജർ ഇറിഗേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ

2165 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ അടൂർ നിയോജകമണ്ഡല പരിധിക്കുള്ളിൽ മേജർ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ വർക്കുകൾ ഏതൊക്കെയെന്ന് വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതും പുതിയതായി നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>മണ്ണൂട്ടാംപാറ ഡാം</u>

2166 ശ്രീ.കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1957 ൽ സ്ഥാപിതമായ വള്ളിക്കുന്ന് മണ്ഡലത്തിലെ മണ്ണൂട്ടാംപാറ ഡാം ദ്രവിച്ച് നശിച്ചു കൊണ്ടിരിക്കുന്നതും അതിന്റെ ഷട്ടറുകളും മറ്റും ഉപയോഗശൂന്യമായിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനേകായിരം കൃഷിക്കാർക്ക് ജലസേചനത്തിനും ഉപ്പുവെള്ളം തടഞ്ഞു നിർത്തുവാനും കുടിവെള്ളത്തിനും പ്രയോജനപ്പെട്ടിരുന്ന ഈ അണക്കെട്ട് പൂനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇവിടെ ഒരു പുതിയ ഡാം പണിയുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>സാമ്പത്തികാനുമതി ലഭ്യമാകാത്ത പ്രവൃത്തികൾ</u>

2167 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിലെ മേജർ, മൈനർ ഇറിഗേഷൻ വകുപ്പുകളുടെ കീഴിലായി സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച ഫയൽ നമ്പറും സമർപ്പിച്ച തീയതിയും സ്വീകരിച്ച നടപടികളും വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) കുട്ടനാട് വികസന പദ്ധതി (കെ. ഡി. സ്കീം)യിൽ ഉൾപ്പെട്ടിട്ടും സാമ്പത്തികാനുമതി ലഭ്യമാകാത്ത പ്രവൃത്തികളിന്മേൽ അടിയന്തിരമായി പൂർത്തീകരിക്കേണ്ടവ വിശദീകരിച്ച് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) മൈനർ ഇറിഗേഷൻ വകുപ്പിനുകീഴിൽ വരുന്ന നിർമ്മാണ പ്രവൃത്തികളുടെ മുൻഗണനാ പട്ടിക ചീഫ് എഞ്ചിനീയർക്ക് അപേക്ഷയായി സമർപ്പിച്ചതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

കേരള വാട്ടർ അതോറിറ്റിയിലെ സ്ഥാപനശാക്തീകരണ നടപടികൾ

2168 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കി വരുന്ന സ്ഥാപനശാക്തീകരണ നടപടികൾ വിശദമാക്കാമോ ;

(ബി) സ്ഥാപനശാക്തീകരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ച ബ്ലൂബ്രിഗേഡ്, ഹെൽപ്പ് ഡസ്ക് സംവിധാനങ്ങൾ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുമോ ;

(സി) കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കി വരുന്ന കമ്പ്യൂട്ടറൈസേഷൻ നടപടികളുടെ പുരോഗതി വിശദമാക്കാമോ ;

(ഡി) സ്ഥാപനശാക്തീകരണത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുന്ന അസറ്റ് മാനേജ്മെന്റ്, എനർജി മാനേജ്മെന്റ് നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>പേരാമ്പ്ര മണ്ഡലത്തിലെ മൈനര്‍ ഇറിഗേഷന്‍ പ്രവൃത്തികള്‍</u>

2169

## ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മൈനര്‍ ഇറിഗേഷന്‍ വകുപ്പ് മുഖേന നടപ്പാക്കുന്ന പേരാമ്പ്ര മണ്ഡലത്തിലെ വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ;

(ബി) ഇതില്‍ ഏതെല്ലാം പ്രവൃത്തികള്‍ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(സി) പ്രവൃത്തികളുടെ പേര്, പഞ്ചായത്ത്, തുക, ഭരണാനുമതി, സാങ്കേതികാനുമതി ലഭിച്ച തീയതികള്‍, ടെണ്ടര്‍ നടപടികള്‍ എന്നിവയുടെ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(ഡി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ബണ്ട് സംരക്ഷണം</u>

2170

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിൽപ്പെട്ട ഇടയിലക്കാട്, തെക്കെക്കാട്, മാടക്കാൽ ദ്വീപുകളെ മറ്റു കരകളുമായി ബന്ധിപ്പിച്ച് നിർമ്മിച്ച ബണ്ട് സംരക്ഷിക്കുന്നതിനും ബണ്ട് നിർമ്മാണം മൂലം ഉള്ള പാരിസ്ഥിതിക പ്രശ്നം ഒഴിവാക്കുന്നതിന് വെള്ളം ഒഴുകിപ്പോകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

ചെറുവത്തൂർ വെങ്ങാട്ട് ക്രോസ് ബാർ കം ബ്രിഡ്ജ്

2171

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാർഷിക പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ തീരുമാനിച്ച ചെറുവത്തൂർ വെങ്ങാട്ട് ക്രോസ്ബാർ കം ബ്രിഡ്ജിന്റെയും ചെറുവത്തൂർ രാമൻചിറ ക്രോസ്ബാറിന്റെയും നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ ആരംഭിച്ച പദ്ധതികൾ</u>

2172 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ മലബാർ പാക്കേജിൽ ഉൾപ്പെടുത്തി ജലവിഭവ വകുപ്പിന് എന്തു തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതൊക്കെ പ്രവർത്തികളാണ് ആരംഭിച്ചതെന്നും വ്യക്തമാക്കുമോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഇതുവരെയും ആരംഭിക്കാൻ സാധിക്കാത്ത പ്രവൃത്തികളുടെ പട്ടിക വെളിപ്പെടുത്തുമോ ;

(ഡി) മേൽപ്പറഞ്ഞ പ്രവർത്തികൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി

2173 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ എൻ.എം.ആർ. റഗുലറൈസേഷന് മുൻകാല പ്രാബല്യം നൽകണമെന്ന സുപ്രീം കോടതി ഉത്തരവ് നടപ്പിലാക്കുമോ ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സബ്സെക്ഷനും ഇലക്ട്രിക്കൽ വിംഗും രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ ;

(സി) 'ജിക്കാ' പദ്ധതികളുടെ നിർമ്മാണം സംബന്ധിച്ച സ്ഥിതികൾ പദ്ധതി അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കിയ സ്പാൻ പദ്ധതികൾ എത്രയെണ്ണം ഇതുവരെ കമ്മീഷൻ ചെയ്തു എന്നും സ്പാൻ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളും വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>കടലോര മേഖലയിലെ വെള്ളക്കെട്ട്</u>

2174 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല മണ്ഡലത്തിലെ കടലോര മേഖലയിൽ അടിക്കടിയുണ്ടാകുന്ന വെള്ളക്കെട്ട് പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശക്തമായ വേലിയേറ്റ സമയത്ത് അഴിമുഖം നിരന്തരമായി അടയുന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ; ഇതിന്റെ കാരണം മനസ്സിലാക്കാൻ പഠനം നടത്തുമോ ;

(സി) നിരന്തരമായി വെള്ളക്കെട്ട് ഉണ്ടാകുന്നതുമൂലം കടലോര മേഖലയിലെ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ;

(ഡി) അഴിമുഖങ്ങൾ നിരവധി തവണ തുറന്നുകൊടുത്തിട്ടും വീണ്ടും വീണ്ടും അടയുന്നതിനാൽ ഇത് തുറക്കുന്നത് മോണിറ്റർ ചെയ്യുന്നതിന് ഒരു സ്ഥിരം സംവിധാനം ഒരുക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>വെള്ളക്കെട്ട് നിർമ്മാർജ്ജനത്തിന് നടപടികൾ</u>

2175

ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എടപ്പള്ളിതോട് സൈഡ് കെട്ടി താഴ്ത്തി നന്നാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയിലേയ്ക്ക് എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(ബി) തൃക്കാക്കര മണ്ഡലം, കാരണക്കോണം തോട് നന്നാക്കി വെള്ളക്കെട്ട് നിർമ്മാർജ്ജനം ചെയ്യാൻ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; ആയതിലേയ്ക്കായി എന്തു തുക മാറ്റിവച്ചിട്ടുണ്ട്;

(സി) പേരണ്ടൂർ കനാൽ നന്നാക്കി വെള്ളക്കെട്ട് മാറ്റുന്നതിനു വേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) കടമ്പ്രയാറിൽ ഓടിവെള്ളം ഒഴുകുന്നതിനായി ലോക്കം റഗുലേറ്റർ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പണി എന്നാരംഭിക്കും എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം</u>

2176 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം സംബന്ധിച്ച സർക്കാർ തീരുമാനം വ്യക്തമാക്കാമോ;

(ബി) ശമ്പളപരിഷ്ക്കരണത്തിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ അവ വിശദമാക്കുമോ;

(സി) ശമ്പളപരിഷ്ക്കരണം ആവശ്യപ്പെട്ട് കെ.ഡബ്ല്യു.എ. ജീവനക്കാർ പ്രക്ഷോഭത്തിലാണ് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സംഘടനകളുമായി ചർച്ചയ്ക്ക് തയ്യാറാകുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം</u>

2177 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച സർക്കാർ തീരുമാനം വ്യക്തമാക്കുമോ;

(ബി) ശമ്പള പരിഷ്ക്കരണ കാര്യത്തിൽ ധനകാര്യവകുപ്പ് എന്തെങ്കിലും തടസ്സങ്ങൾ ഉന്നയിക്കുന്നുണ്ടോ; എങ്കിൽ അവ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ശമ്പള പരിഷ്ക്കരണം ആവശ്യപ്പെട്ടുകൊണ്ട് കേരള വാട്ടർ അതോറിറ്റി ജീവനക്കാർ നടത്തിവരുന്ന പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രക്ഷോഭം നടത്തുന്ന സംഘടനകളുമായി ചർച്ചയ്ക്ക് സർക്കാർ തയ്യാറാകുമോ;

(ഡി) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ടെക്നിക്കൽ, മിനിസ്റ്റീരിയൽ സ്പെഷ്യൽ റൂളുകളിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം</u>

2178 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശമ്പളപരിഷ്ക്കരണം ആവശ്യപ്പെട്ടു കൊണ്ട് കേരള വാട്ടർ അതോറിറ്റി ജീവനക്കാർ നടത്തി വരുന്ന പ്രക്ഷോഭ പരിപാടികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സമരം നടത്തുന്ന സംഘടനകളുമായി സർക്കാർ ചർച്ചയ്ക്ക് തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ;

(സി) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം സംബന്ധിച്ച് സർക്കാർ നിലപാട് എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് എന്തെങ്കിലും തടസ്സങ്ങൾ ഉന്നയിക്കുന്നുണ്ടോ; എങ്കിൽ അവ എന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>ജലവിതരണം സംബന്ധിച്ച പരാതികൾ</u>

2179 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജല വിതരണം സംബന്ധിച്ച ജനങ്ങളുടെ പരാതി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വാട്ടർ അതോറിറ്റി കൈക്കൊണ്ടിട്ടുള്ളത്;

(ബി) ജനങ്ങളുടെ പരാതികൾ സ്വീകരിക്കുവാൻ ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ ഇതിന്റെ പ്രവർത്തന രീതികളും സൗകര്യങ്ങളും എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ
ശമ്പള പരിഷ്ക്കരണം

2180 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച സർക്കാർ തരുമാനം വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിൽ നിന്നും എന്തെങ്കിലും തടസ്സങ്ങൾ ഉന്നയിക്കൂന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ശമ്പള പരിഷ്ക്കരണം ആവശ്യപ്പെട്ട് ജീവനക്കാർ പ്രക്ഷോഭം നടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രക്ഷോഭം നടത്തുന്ന ജീവനക്കാരുടെ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തി പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

വാട്ടർ അതോറിറ്റിയിലെ ശമ്പള പരിഷ്ക്കരണം

2181 ശ്രീ.എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് നിയോഗിച്ചിട്ടുള്ള ജസ്റ്റീസ് രാജേന്ദ്രബാബു കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) റിപ്പോർട്ടിൻപ്രകാരം വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്ന് ഉത്തരവ് ഇറക്കാൻ കഴിയുമെന്നും എന്ന് മുതൽ പുതുക്കിയ ശമ്പളം ജീവനക്കാർക്ക് ലഭ്യമാക്കുമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

മേലാറന്നൂർ ഗവ: ക്വാർട്ടേഴ്സിലെ ജലവിതരണം

2182 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മേലാറന്നൂർ ഗവൺമെന്റ് ക്വാർട്ടേഴ്സിൽ നിലവിൽ എത്ര കൺസ്യൂമർമാർ ഉളളതായിട്ടാണ് വാട്ടർ അതോറിറ്റി കണക്കാക്കിയിരിക്കുന്നത്;

(ബി) ഇവിടുത്തെ ഓരോ ക്വാർട്ടറുകളിലേക്കുള്ള വാട്ടർ കണക്ഷനും പ്രത്യേകമായി വാട്ടർ മീറ്റർ ഘടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) നിലവിൽ ഇവിടുത്തെ ഒരു ഉപഭോക്താവിൽ നിന്നും വെളളക്കരമായി എത്ര രൂപയാണ് ഈടാക്കിക്കൊണ്ടിരിക്കുന്നത്; ഈ തുക നിശ്ചയിച്ചത് എന്തു മാനദണ്ഡത്തിലാണ്;

(ഡി) ഒരു ദിവസം എത്ര സമയമാണ് നിലവിൽ ജലവിതരണം നടത്തിവരുന്നത്; ഇവിടത്തെ താമസക്കാർക്ക് രാവിലെയും വൈകുന്നേരവും 6മണി മുതൽ 6.30 വരെ മാത്രമാണ് ജലം ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആയത് പരിഹരിക്കുന്നതിനും ജലവിതരണം മുഴുവൻ സമയവും നടത്തുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തു നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(എഫ്) പരമാവധി ഒന്നര മണിക്കൂർ മാത്രം കുടിവെളളം നൽകി ഭീമമായ തുക വെളളക്കരമായി പിരിച്ചെടുക്കുന്ന നടപടി പുന:പരിശോധിക്കുമോ;

(ജി) ക്വാർട്ടേഴ്സിലെ ഓരോ ഉപഭോക്താക്കൾക്കും മീറ്റർ നൽകി ഉപയോഗിക്കുന്ന വെളളത്തിനു മാത്രം കരം ഈടാക്കാൻ നടപടി സ്വീകരിക്കുമോ;

ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിന് ക്വാർട്ടേഴ്സ് നിവാസികളുടെയും ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട അധികാരികളുടെയും അടിയന്തിര യോഗം വിളിച്ചു ചേർക്കുന്നതിന് തയ്യാറാവുമോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ഫയലുകളിൽ തീർപ്പുകല്പിക്കാൻ സ്വീകരിച്ച നടപടി</u>

2183

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ലൂഡി ലൂയിസ്
,, പാലോട് രവി
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ്, കെ.ഡബ്ല്യു. എ. എന്നിവയുടെ കീഴിലുള്ള ഫയലുകളിൽ തീർപ്പുകല്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഫയലുകൾ തീർപ്പാക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് അദാലത്ത് നടത്തുവാൻ തയ്യാറാകുമോ;

(സി) എങ്കിൽ ഇതിന്റെ പ്രവർത്തന രീതിയും വിശദാംശങ്ങളും വിശദമാക്കുമോ;

(ഡി) അദാലത്തു നടത്തുവാനുള്ള നേതൃത്വം ആരെയൊക്കെയാണ് ഏല്പിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റി കോൺട്രാക്ടർമാർക്ക് നൽകാനുള്ള കുടിശ്ശിക</u>

2184

ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പൊതുവെയും നെയ്യാറ്റിൻകര ഡിവിഷനിൽ പ്രത്യേകിച്ചും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട റിപ്പയറിംഗ് വർക്ക് നടത്തിയ വകയിൽ കോൺട്രാക്ടർമാർക്ക് കുടിശ്ശിക കൊടുക്കാനുള്ളതുകൊണ്ട് അവരിൽ അധികം പേരും അത്തരം റിപ്പയറിംഗ് വർക്കുകൾ ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡിവിഷൻ തിരിച്ചും സബ്ഡിവിഷൻ തിരിച്ചും സെക്ഷൻ തിരിച്ചും അത്തരത്തിൽ നടന്നിട്ടുള്ള റിപ്പയറിംഗ് വർക്കുകളുടെയും കൊടുത്തു തീർക്കാനുള്ള തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കുടിശ്ശിക എന്ന് കൊടുത്തുതീർക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ചാലക്കുടി ഹൈലെവൽ സ്കീമിന്റെ പുനരുദ്ധാരണം</u>

2185 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിലെ വാട്ടർ അതോറിറ്റിയുടെ ഹൈലെവൽ സ്കീമിന്റെ പുനരുദ്ധാരണം സംബന്ധിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പുനരുദ്ധാരണത്തിന് എത്ര രൂപയുടെ മതിപ്പ് ചെലവാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഈ പദ്ധതിക്ക് ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

### കടലാക്രമണം തടയുവാൻ നടപടി

2186 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദത്തിന്
**ജലവിഭവ വകുപ്പ്മന്ത്രി**
സദയം മറുപടി നൽകുമോ:

വള്ളിക്കുന്ന് മുതിയംതോടിലൂടെ വൻതോതിൽ കടലാക്രമണം ഉണ്ടാകുന്നതിലുള്ള ജനങ്ങളുടെ ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ആയതു പരിഹരിക്കുവാൻ തോടിന്റെ ഇരുവശവും സംരക്ഷണഭിത്തി കെട്ടുവാനും പള്ളിയും വീടുകളും ഇതരകെട്ടിടങ്ങളും തകർന്നുകൊണ്ടിരിക്കുന്നതു തടയുവാനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>നദികൾ സർവ്വേ ചെയ്ത് അതിർത്തി നിശ്ചയിക്കുന്നതിന് നടപടി</u>

2187 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നദികൾ സർവ്വേ ചെയ്ത് അതിർത്തി നിശ്ചയിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ എന്നത്തേക്ക് ഈ സർവ്വേ പൂർത്തിയാക്കും ; സർവ്വേ തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടില്ലെങ്കിൽ ആയത് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ജ്ഞാനോദയ വായനശാലയ്ക്ക് കനാൽ ഭൂമി വിട്ടുകൊടുക്കുന്നതിന് നടപടി</u>

2188 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബാലുശ്ശേരി അസംബ്ളി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിൽ 1964 മുതൽ പ്രവർത്തിക്കുന്ന മൂലാട് ജ്ഞാനോദയ വായനശാലയുടെ വിപുലീകരണത്തിന് വേണ്ടി കെട്ടിടത്തോടനുബന്ധിച്ചുള്ള ഇറിഗേഷൻ വകുപ്പ് ഭൂമിയിൽ നിന്ന് പത്ത് സെന്റ് ഭൂമി അനുവദിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

കേരളാ വാട്ടർ അതോറിറ്റി അവലോകന യോഗങ്ങൾ

2189 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റി നിയോജക മണ്ഡലാടിസ്ഥാനത്തിലോ ജില്ലാ അടിസ്ഥാനത്തിലോ ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം എത്ര കമ്മിറ്റികൾ വിളിച്ചു ചേർത്തിട്ടുണ്ടെന്നറിയിക്കാമോ ; പ്രസ്തുത കമ്മിറ്റികളിൽ ആരൊക്കെ പങ്കെടുത്തുവെന്ന് വ്യക്തമാക്കാമോ ;

(സി) ഏത് ഉദ്യോഗസ്ഥനെയാണ് അടൂർ മണ്ഡലത്തിന്റെ പരിധിയിൽ ഇത്തരത്തിലുള്ള കമ്മിറ്റി വിളിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(ഡി) ഇത്തരത്തിൽ അവലോകന യോഗം വിളിക്കുവാൻ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പാലായിവളവിൽ റെഗുലേറ്റർ കം ബ്രിഡ്ജ്</u>

2190 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നീലേശ്വരം പാലായിവളവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ഡിസൈൻ തയ്യാറാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

കടലുണ്ടിപ്പുഴയിലും തൂതപ്പുഴയിലും നടപ്പാക്കി വരുന്ന പദ്ധതികൾ

2191 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നദീതീര-നദീതട സംരക്ഷണത്തിന്റെ ഭാഗമായി (ആർ.ഐ.ഡി.എഫ്) കടലുണ്ടിപ്പുഴയിലും തൂതപ്പുഴയിലും (കുന്തിപ്പുഴ) നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) അവയുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച വിശദവിവരം നല്കാമോ ;

(സി) ഇവയ്ക്കായി ഇതേവരെ എന്തു തുക ചെലവഴിച്ചു ; ഏതൊക്കെ ഭാഗങ്ങൾ പൂർത്തിയായി?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>തൊഴിൽ നഷ്ടപ്പെട്ട മത്സ്യതൊഴിലാളികളുടെ പുനരധിവാസം</u>

2192 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നതിന്റെ ഭാഗമായി കായൽ തീരത്ത് വസിച്ചിരുന്നവരും മത്സ്യബന്ധനം നടത്തി ഉപജീവനം കഴിച്ചിരുന്നവരുമായ നിരവധിയാളുകളുടെ മത്സ്യബന്ധന ഉപകരണങ്ങൾ എടുത്തുമാറ്റപ്പെടുകയുണ്ടായതിനാൽ തൊഴിൽ നഷ്ടപ്പെട്ട മത്സ്യതൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും ഇവർക്ക് നഷ്ടപരിഹാരം നൽകാനും അടിയന്തിര നടപടി കൈക്കൊള്ളുമോ ;

(ബി) വർഷങ്ങൾ കഴിഞ്ഞിട്ടും ദേശീയ ജലപാത എന്ന പദ്ധതി പുരോഗമിക്കാത്തതെന്താണെന്ന് വിശദമാക്കാമോ ; എത്ര കാലത്തിനുള്ളിൽ ഈ പദ്ധതി പൂർത്തിയാക്കുമെന്നു പറയാമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കോവളം - കൊല്ലം ജലപാത</u>

2193 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോവളം - കൊല്ലം ജലപാതയ്ക്ക് വേണ്ടി 12-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ഈ കേന്ദ്ര വിഹിതത്തോടൊപ്പം സംസ്ഥാന വിഹിതവും മറ്റ് വിഹിതവും വകകൊള്ളിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എത്രയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ജലപാതക്കായി നാളിതുവരെ ചെലവാക്കിയ കേന്ദ്ര - സംസ്ഥാന വിഹിതം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) കോവളം മുതൽ വേളി വരെയും വേളി മുതൽ കഠിനംകുളം കായൽ വരെയും അവിടെ നിന്ന് അഞ്ചുതെങ്ങ് വരെയും അഞ്ചുതെങ്ങു മുതൽ നടയറ കായൽ വരെയും ഉള്ള റീച്ചുകളുടെ പണി സംബന്ധിച്ച വിശദ വിവരങ്ങളും റീച്ച് തിരിച്ച് 2006 മുതലുള്ള ചെലവ് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ റീച്ചുകൾക്കു വേണ്ടി നീക്കിവച്ച തുകയിൽ ചെലവഴിച്ചതിൽ ബാക്കി തുക റീച്ച് തിരിച്ച് വ്യക്തമാക്കാമോ; ഇത്തരത്തിൽ തുക ചെലവഴിക്കാതെ ബാക്കി ഉണ്ടാകാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ഇ) കോവളം - കൊല്ലം ജലപാതയ്ക്കായി 13-ാം ധനകാര്യ കമ്മീഷൻ എന്തു തുക വകകൊള്ളിച്ചിട്ടുണ്ട്; ഓരോ റീച്ചുകൾ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിലെ ഷൺമുഖം കനാലിന്റെ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങൾ</u>

2194 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഷൺമുഖം കനാലിന്റെ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) മേൽ പ്രവർത്തിക്ക് ഭരണാനുമതി ലഭിയ്ക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തുന്നതിന് പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എന്നത്തേയ്ക്ക് ഈ കനാലിന്റെ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കാപ്പിതോടിന്റെ നവീകരണം</u>

2195 ശ്രീ.ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ നാലു പഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്ന കാപ്പിതോടിന്റെ നവീകരണത്തിന് കഴിഞ്ഞ സർക്കാരിന്റെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാപ്പിത്തോടിന്റെ നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(സി) നാലുപഞ്ചായത്തുകളിലെ ജനങ്ങൾക്ക് ഗുണകരമായ കാപ്പിത്തോടിന്റെ നവീകരണത്തിന് എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പഴശ്ശിപദ്ധതി പ്രദേശത്തെ കനാൽ റോഡുകളുടെ അറ്റകുറ്റപ്പണി</u>

2196 ശ്രീ.ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴശ്ശി പദ്ധതി പ്രദേശത്തിന്റെ ഭാഗമായിട്ടുള്ളതും തളിപ്പറമ്പ് മണ്ഡലത്തിൽപ്പെടുന്നതുമായ നിരവധി കനാൽ റോഡുകൾ പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാതായി തീർന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എന്തുകൊണ്ടാണ് ഈ റോഡുകളുടെ വാർഷിക മെയിന്റനൻസ് നടത്താത്തതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റോഡുകൾ അടിയന്തിരമായി ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) വടക്കേ മലബാറിലെ പ്രധാന ടൂറിസം തീർത്ഥാടകേന്ദ്രമായ പറശ്ശിനിക്കടവിലേക്കുള്ള പ്രധാനപാതകൾ കനാൽ വഴിയാണെന്നിരിക്കെ ഇത് കൃത്യമായി മെയിന്റയിൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>കൈനൂർ ചിറയിൽ റഗുലേറ്റർ കം ബ്രിഡ്ജ്</u>

2197 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ മണ്ഡലത്തിൽപ്പെട്ട നടത്തറ ഗ്രാമപഞ്ചായത്തിലെ കൈനൂർ ചിറയിൽ റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് പ്രാഥമിക പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയ്ക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

കടപ്പുറം പഞ്ചായത്തിലെ കടൽഭിത്തി നിർമ്മാണം

2198 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടപ്പുറം പഞ്ചായത്തിലെ കടൽഭിത്തി നിർമ്മാണത്തിന് 13-ാം പദ്ധതിയിൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്നറിയിക്കാമോ ;

(ബി) ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് കടൽഭിത്തി നിർമ്മാണം അടിയന്തിരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?